"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് - 2007-08 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.3, 2007-08 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.1324/13/തസ്വഭവ. തിരുവനന്തപുരം,തീയതി: 20/05/2013

---

പരാമർശം:- 1) കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06/12/2010, 18/04/2011 തീയതികളിലെ എ 3-1608/09 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 26/04/2011-ലെ എൽ.എഫ്.214/പിറ്റി3/2011 നമ്പർ കത്ത്.

3) പഞ്ചായത്ത് ഡയറക്ടറുടെ 27/07/2011-ലെ ജെ1-26/2011 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നെൽകൃഷിക്ക് ഉഴവു കൂലിയിനത്തിൽ നൽകിയ 91,320/- രൂപ ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

കാങ്കോൽ-ആലപ്പടമ്പ ഗ്രാമപഞ്ചായത്തിലെ 2007-08 വർഷത്തെ 031/08 സമഗ്ര നെൽകൃഷി വികസന പ്രോജക്ട് നടപ്പിലാക്കുന്നതിന് 91,320/- രൂപ ഉഴവ് സബ്സിഡിയിനത്തിൽ അനുവദിച്ചത് പഞ്ചായത്തിന്റെയും ഡിപിസിയുടേയും അനുമതിയോടുകൂടിയാണെന്നും 2007-08-ലെ കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം പരിശോധിച്ചപ്പോൾ മേൽപ്പറഞ്ഞ ഉഴവ് സബ്സിഡി നൽകിയത് സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കണമെന്ന് അറിയിച്ചതനുസരിച്ച് പ്രസ്തുത വിഷയം സർക്കാരിനോട് അപേക്ഷിക്കുവാൻ തീരുമാനിച്ചുകൊണ്ടുള്ള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29/11/2010-ലെ 226/10-ാം നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, 11/07/2008-ലെ സ.ഉ (എം.എസ്) 199/08/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് ടി പ്രോജക്ടിന് സബ്സിഡി നൽകിയതെന്നും ഈ സാഹചര്യത്തിൽ, ചെലവഴിക്കപ്പെട്ട 91,320/- രൂപയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

പരാമർശം 3 പ്രകാരമുള്ള പഞ്ചായത്ത് ഡയറക്ടറുടെ കത്തിൽ, കാർഷിക യന്ത്രങ്ങൾ എല്ലാ പാടശേഖര സമിതികൾക്കും ഇല്ലാത്തതിനാൽ പാരമ്പര്യ കൃഷി രീതികളാണ് അവലംബിച്ചിരിക്കുന്നതെന്നും ഈ സാഹചര്യത്തിൽ ഉഴവു കൂലിയിനത്തിൽ സബ്സിഡിയായി നൽകിയ തുക സാധൂകരിച്ച് നൽകാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3-ൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ, സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നെൽകൃഷിക്ക് ഉഴവു കൂലിയിനത്തിൽ 91,320/- രൂപ (തൊണ്ണൂറ്റിയൊന്നായിരത്തി മുന്നൂറ്റി ഇരുപത് രൂപ മാത്രം) ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, കാങ്കോൽ-ആലപ്പടമ്പ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ